ദീപിക
DEEPIKA, THE FIRST MALAYALAM DAILY ESTABLISHED 1887



**അമൃത ഹെൽത്ത് കാമ്പസിൽ നടന്ന ഐഎസ്എസ്‌സിപി അന്താരാഷ്ട്ര സമ്മേളനത്തിന്റെ ഉദ്ഘാടനം ജനീവ സർവകലാശാലാ ആശുപത്രിയിലെ ക്ലിനിക്കൽ ഫാർമക്കോളജി ആൻഡ് ടോക്സികോളജി വിഭാഗം അസോസിയേറ്റ് പ്രഫ. ഡോ. യൂസഫ് ഡാലി നിർവഹിക്കുന്നു.**

# അന്താരാഷ്ട്ര സമ്മേളനം സമാപിച്ചു

**കൊച്ചി:** അമൃത സ്കൂൾ ഓഫ് ഫാർമസിയും അമൃത സ്കൂൾ ഓഫ് നാനോ സയൻസ് മോളിക്യുലാർ മെഡിസിനും സംയുക്തമായി ജനീവ സർവകലാശാല, ജിപ്മർ എന്നിവയുടെ സഹകരണത്തോടെ സംഘടിപ്പിച്ച ഐഎസ്എസ്‌സിപി അന്താരാഷ്ട്ര സമ്മേളനം സമാപിച്ചു. കൊച്ചി അമൃത ഹെൽത്ത് കാമ്പസിൽ വ്യാഴാഴ്ച ആരംഭിച്ച കോൺഫറൻസിൽ ലോകാരോഗ്യ രംഗത്തെ വിദഗ്ധർ പങ്കെടുത്തു. ജനീവ സർവകലാശാല ആശുപത്രിയിലെ ക്ലിനിക്കൽ ഫാർമക്കോളജി ആൻഡ് ടോക്സികോളജി വിഭാഗം അസോ. പ്രഫ. ഡോ. യൂസഫ് ഡാലിയാണ് സമ്മേളനം ഉദ്ഘാടനം ചെയ്തത്.

അമൃത വിശ്വവിദ്യാപീഠം ഡീൻ ഡോ. ശാന്തികുമാർ വി. നായർ അധ്യക്ഷത വഹിച്ചു. അമൃത സ്കൂൾ ഓഫ് ഫാർമസി, ഫാർമസി പ്രാക്ടീസ് വിഭാഗം മേധാവി ഡോ. എം.പി. നർമദ, ജിപ്മർ മെഡിക്കൽ ഓങ്കോളജി വിഭാഗം അസി. പ്രഫ. ഡോ. ഉപ്പുഗുണ്ടുരി സത്യനാരായണ ചക്രധാര റാവു, അമൃത സ്കൂൾ ഓഫ് ഫാർമസി പ്രിൻസിപ്പൽ ഡോ. എം. സബിത എന്നിവർ മുഖ്യപ്രഭാഷണം നടത്തി.